കോട്ടക്കൽ

ആൎയ്യവൈദ്യശാലവക

ഔഷധപട്ടിക.

17-ാം പതിപ്പ്.

PRICE LIST

OF

MEDICINES AND ARTICLES FOR SALE

AT

THE ARYAVAIDYASALA

ESTABLISHED

BY

P. S. VARIER IN 1902

AT

KOTTAKAL.

ഇതിന്നു മുമ്പുള്ള ഔഷധപട്ടിക
ചികിത്സാസംഗ്രഹം ഇവയിലെ വിലകളും നിയമങ്ങളും
ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

കോട്ടക്കൽ ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽനിന്ന്
അച്ചടിച്ചത്
1923 ഫിബ്രുവരി 1-ാംനു

വിഷയാനുക്രമണിക

ആര്യവൈദ്യശാലയെക്കുറിച്ചു
ചില
പ്രത്യേകാഭിപ്രായങ്ങൾ

CERTIFICATE.

This is to certify that Mr. P. Sankunni Varier of Kottakal has attended the practice of the hospitals at Manjeri and Badagara under me for a period of three years and has acquired a sound practical knowledge of the use of the English Medicines and surgical appliances. Being a well educated medical practitioner under the Hindu system of Medicine, this experience has rendered him more qualified than the native practitioners of the country and I have no hesitation in saying that he will prove himself a very successful practitioner and that his service will be widely appreciated.

CALICUT,
29th November 1902.

(Signed) V. Verghese L. M. S.
Retired District Surgeon,
Mangalore.

I have been shown over the dispensary & factory by Mr. sankunni Varier and congratulate him on its efficiency and prosperity. It appears to be thoroughly well-managed and I wish him every success.

F. B. EVANS
Collector
of
Malabar.

17—3—16

പ്രസ്താവന

ആര്യവൈദ്യശാല ആരംഭിച്ചിട്ടു് ഈ കഴിഞ്ഞ 1922 സപ്തംബറോടുകൂടി 20 കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതുവരെക്കും ഉത്തരോത്തരം അഭിവൃദ്ധിയായിത്തന്നെ വന്നിരിക്കുന്നുവെന്നാണു പറയേണ്ടതു്. അതിലും വിശേഷിച്ചു് ഈ കഴിഞ്ഞ നാലു കൊല്ലങ്ങളിൽ ഉണ്ടായിട്ടുള്ളതു ഗണ്യമായ കയറ്റം തന്നെയാണ്. എന്തെന്നാൽ, ആദ്യംമുതൽക്കു് 16 കൊല്ലങ്ങൾകൊണ്ടു ആകെ മരുന്നു വിറ്റിട്ടുള്ളതു താഴെ കാണിച്ച കണക്കുപ്രകാരം 264000 ഉറുപ്പികക്കു മാത്രമാണു്. എന്നാൽ 17-ാമതു മുതൽക്കുള്ള നാലുകൊണ്ടു് ഏകദേശം 288000-ത്തിലധികം അതായതു് ആദ്യത്തെ 16 കൊല്ലം വിറ്റതിന്റെ മുക്കാലംശത്തിലധികം മരുന്നു വിറ്റിട്ടുണ്ടു്. എന്നാൽ മാപ്പിളലഹള ഉണ്ടായിരുന്നില്ലെങ്കിൽ ഇതിലും വളരെ അഭിവൃദ്ധി ഈ കാലത്തുണ്ടാവുമായിരുന്നു എന്നു പ്രത്യേകം സ്മരണീയമാണു്. ലഹളക്കാർ അടുത്തുള്ള തപ്പാലാപ്പീസ്സ് റെയിൽപ്പാത ഇവ നശിപ്പിച്ചതുകൊണ്ടും വ്യാപാരം നിരോധിച്ചതുകൊണ്ടും 1921 ആഗസ്റ്റ് 21-ാംനു-മുതൽ ഏകദേശം 20 ദിവസത്തോളം ആര്യവൈദ്യശാലവക യാതൊരു പ്രവൃത്തിയും നടത്താൻ സാധിച്ചില്ലെന്നുതന്നെ പറയണം. കേവലം പൂട്ടിയിടേണ്ടുന്ന ആവശ്യം നേരിട്ടില്ലെന്നു മാത്രമേ ഉള്ളൂ. ഈ കാലത്തു പുറമെയുള്ളവൎക്കു യാതൊരു മറുപടിയാകട്ടെ മരുന്നാകട്ടെ കിട്ടാത്തതിനാലും ലഹളയാണെന്നു നാട്ടുമുഴുവൻ സംസാരമായതിനാലും പുറമെനിന്നു കത്തുകൾ വരുന്നതു വളരെ കുറഞ്ഞുപോയി. എന്നു മാത്രമല്ല രോഗികൾ തീരെ വരാതെയും ആയി. എങ്കിലും 20 ദിവസം കഴിഞ്ഞതിനുശേഷം പ്ര

യാസമപ്പട്ടം അധികച്ചിലവു സഹിച്ചും പ്രവൃത്തി കുറേശ്ശ ആ
രംഭിക്കവാൻ സാധിച്ചു. ഈ സംഗതിയിൽ മാപ്പിളമാരേയും ഗ
വർമ്മെണ്ടിനേയും സർവ്വോപരി ദൈവത്തേയും കുറിച്ചു ആര്യവൈ
ദ്യ പ്രതിപത്തിയുള്ളവരായ എല്ലാവരും പ്രത്യേകം നന്ദിവിചാ
രിക്കേണ്ടതാകുന്നു. ഒന്നാമതു മാപ്പിളമാരാരും നേരിട്ടു വൈ
ദ്യശാലയെ ഉപദ്രവിച്ചില്ല. എന്നുമാത്രമല്ല, പല സഹായങ്ങ
ളും ചെയ്തുകൊണ്ടുമിരുന്നു. ഗവർമ്മെണ്ട് പട്ടാളത്തെ അടുത്തു
തന്നെ നിർത്തി. ദൈവം എല്ലാററിനും സഹായിക്കയും ചെയ്തു
എന്നാലും ലഹള ആരംഭിച്ച കാലംമുതൽക്ക 22 മാർച്ചുകൂടി ഏ
ഴിൽ ചില്വാനം മാസം കഴിഞ്ഞപ്പോഴക്ക് അതിന്റെ മുമ്പേ
ത്തെ കൊല്ലത്തെ ആ മാസങ്ങളെ അപേക്ഷിച്ച് ഏകദേശം
12000 കയുടെ മരുന്നു വില്പനകുറവുണ്ടായിരുന്നു. ഏപ്രിൽ മു
തല്ക്ക കുറെ ഭേദംവന്നതുകൊണ്ടു സപ്തമ്പർ അവസാനിച്ച ഒരു
കൊല്ലത്തെ കണക്കുനോക്കിയപ്പോൾ മുൻകൊല്ലത്തെ അപേക്ഷിച്ചു
7000-ഉറുപ്പികക്കുമാത്രമേ കുറവു കാണുകയുണ്ടായുള്ളൂ, എന്ന
ത് ഈ ഘട്ടത്തിൽ പ്രത്യേകം ആശ്വാസജനകമാണല്ലോ. ഏ
തായാലും 21-ാമത്തെ കൊല്ലംകൊണ്ടു മുൻസ്ഥിതിയിലെത്തുമെ
ന്ന് ഇനി ആശിക്കാമെന്ന നിലയായിട്ടുണ്ട്. ആര്യവൈദ്യശാ
ലയുടെ ആരംഭംമുതല്ക്ക ചാതുർവ്വാർഷികമായ മരുന്നു വില്പനയു
ടെ സംഖ്യ താഴെ കാണിച്ചപ്രകാരമാകുന്നു:—

ആദ്യത്തെ നാലുകൊല്ലംകൂടി		14000
രണ്ടാമത്തെ	ടി.	57000
മൂന്നാമത്തെ	ടി.	123000
നാലാമത്തെ	ടി.	170000
അഞ്ചാമത്തെ അതായത് ഒടുവിലത്തെ നാലുകൊല്ലം കൂടി		288000
	ആകെ	652000

ഇതുകൊണ്ട് ആദ്യത്തെ പത്തുകൊല്ലവും രണ്ടാമത്തെ പ

ത്തുകൊല്ലവും തമ്മിലുള്ള വ്യത്യാസവും എത്രയും വ്യക്തമായി കാണാമല്ലൊ. ആദ്യത്തെ പത്തുകൊല്ലത്തിൽ ആകെ 124000 ഉറുപ്പികക്കും, രണ്ടാമത്തെ പത്തുകൊല്ലത്തിൽ ആകെ 528000 ഉറുപ്പികക്കും ആണ് മരുന്നു വിററിട്ടുള്ളത്. അതുകൊണ്ടീസ്ഥാപനം ദിനംപ്രതി ജനങ്ങൾക്ക് അധികമധികം ഉപകാരപ്രദമായി വരുന്നുണ്ടെന്നുള്ളതിന്നും, ആൎയ്യവൈദ്യം ജനങ്ങളുടെ ഇടയിലധികം പ്രചാരപ്പെട്ടു വരുന്നുണ്ടെന്നുള്ളതിന്നും വേറെ വല്ല തെളിവും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

കോഴിക്കോട്ടുള്ള ആൎയ്യവൈദ്യശാലാബ്രാഞ്ചിന്നു ലഹളനിമിത്തം വലിയ കോട്ടംതട്ടിയെന്നു പറയാൻ പാടില്ല. എങ്കിലും അതിലെ വൈദ്യനും മാനേജരുമായിരുന്ന കെ. എസ്സ്. വാരിയർ അകാലമരണം പ്രാപിച്ചതു വലിയ നഷ്ടമായിത്തീൎന്നു. ഇപ്പോൾ ആ സ്ഥാനം വഹിക്കുന്നതു് ആൎയ്യവൈദ്യസമാജത്തിലെ ഒരു സ്ഥിരംമെമ്പരും പണ്ഡിതനും ആയ എം. കെ. വാരിയർ ആകുന്നു. ലഹളയുടെ ആദ്യത്തിലും മുമ്പത്തെ മാനേജരുടെ നിൎയ്യാണാവസരത്തിലും കുറച്ചു ദോഷങ്ങളുണ്ടായിരുന്നുവെങ്കിലും പുതിയ വൈദ്യന്റെ മേൽനോട്ടത്തിൽ അതു വീണ്ടും അഭിവൃദ്ധിയെ പ്രാപിക്കുകയും, അവിടെ മുൻകൊല്ലത്തെക്കാൾ കുറച്ചധികം മരുന്നു വില്പനക്കിടവരികയും ചെയ്തിട്ടുണ്ട്. അവിടെ രോഗികളും ദിനംപ്രതി അധികമധികം വരുന്നുണ്ട്.

കോട്ടയ്ക്കൽ ലഹളനിമിത്തം ആദ്യകാലത്തു രോഗികളുടെ എണ്ണം കുറെ കുറഞ്ഞിട്ടുണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. എന്നാലും നേരിട്ടു വന്നു ചികിത്സിച്ച രോഗികളുടെ എണ്ണം 24495 ഉണ്ട്. കത്തുമൂലം ചികിത്സിച്ച രോഗികളുടെ സംഖ്യ സുമാർ 4613-ം ഉണ്ടായിട്ടുണ്ട്.

ആൎയ്യവൈദ്യചികിത്സാശാല—രോഗികളെ ധാരാളമായി കിടത്തി സാധുക്കൾക്കു ധൎമ്മമായും മററുള്ളവൎക്കു അവരവരുടെ

ചിലവിന്മേലും. പ്രധാനമായി ആര്യവൈദ്യന്മാരുടേയും അത്യാവശ്യവിഷയങ്ങളിൽ ഇംഗ്ലീഷുവൈദ്യന്മാരുടേയും കൂടിയ മേൽനോട്ടത്തിൽ അതിയായ നിഷ്കർഷയോടുകൂടി ചികിത്സ നടത്തുവാനും, അതോടുകൂടി പല പുതിയ പരിശോധനകൾ നടത്തുവാനും കോഴിക്കോട്ടുള്ള ആര്യവൈദ്യപാഠശാലയിലെ വിദ്യാർത്ഥികളെ അധികം പരിചയിപ്പിക്കുവാനും മററും വേണ്ടി പി. എസ്സ്. വാരിയർ പണിചെയ്തു വരുന്നതാണ് മേൽപറഞ്ഞ ശാല. ഇത ഈ കൊല്ലത്തിൽ ആരംഭിക്കണമെന്നായിരുന്നു ആദ്യത്തെ വിചാരം. ചില ലഹളനിമിത്തം കുറെക്കാലം പണി നിർത്തിവെക്കേണ്ടി വന്നതുകൊണ്ട് ഇതിനിടയിൽ പണി മുഴുമിപ്പാൻ സാധിച്ചില്ലെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു. എങ്കിലും ഇനി പറയത്തക്ക വിശേഷസംഭവങ്ങളൊന്നും ഇല്ലാതിരിക്കുന്നപക്ഷം വരുംകൊല്ലത്തേക്കിതു സാധിക്കുമെന്ന് ആശിക്കുകയും, മഹാജനങ്ങളുടെ വിലയേറിയ സഹായസഹകരണങ്ങൾക്കു പ്രത്യേകം അപേക്ഷിക്കുകയും ചെയ്യുന്നു.

ആര്യവൈദ്യശാല സ്ഥാപിച്ചിട്ടുള്ളതു ബ്രിട്ടീഷ്ഗവൺമെണ്ടു നേരിട്ടു ഭരിക്കുന്ന തെക്കേമലയാളത്തിൽ തിരൂർ റെയിൽവേസ്റ്റേഷനിൽനിന്നു 9 മൈൽ കിഴക്കുവടക്കു കോട്ടയ്ക്കൽ എന്ന സ്ഥലത്തു റോഡ്വക്കത്താണ്. ഇവിടെ അടുത്തു കോട്ടയ്ക്കൽ (KottaKal) എന്നൊരു കമ്പിയാപ്പീസ്സും തപാലാപ്പീസ്സും ഉണ്ടു തിരൂരിൽനിന്നു മോട്ടോർബസ്സും കാളവണ്ടിയും കിട്ടും. ഇങ്ങോട്ടുവരുന്ന കത്തുകളുടെ സ്വഭാവംകൊണ്ടും സ്ഥലം അറിയാത്ത പലരും പരുങ്ങുന്നതായി അറിയുന്നതുകൊണ്ടും ഇത്രമാത്രം പ്രസ്താവിക്കേണ്ടിവന്നതാകുന്നു.

മഹാന്മാരുടെ സഹായത്തിന്നു പ്രത്യേകം അപേക്ഷയുണ്ട്.

എന്നു

പി. എസ്സ്. വാരിയർ

1—2—1923

ആൎയ്യവൈദ്യശാലയിലെ

നടവടിക്രമങ്ങൾ

1. രാവിലെ 7 മുതൽ 11 മണിവരെയും, വൈകുന്നേരം 2 മുതൽ 6 മണിവരെയും വൈദ്യശാല തുറന്നിരിക്കുന്നതാകുന്നു.

2. ഈ സമയങ്ങളിൽ വരുന്ന രോഗികളെ പ്രതിഫലം കൂടാതെ പരിശോധിച്ചു ചികിത്സ നിശ്ചയിച്ചു കൊടുക്കുന്നതും, മരുന്നുകൾ വിലയ്ക്കു വില്ക്കപ്പെടുന്നതുമാകുന്നു.

3. അഗതികൾക്കു് എപ്പോഴും ധൎമ്മമായി മരുന്നുകൊടുക്കുന്നതാണു്.

4. യാദൃച്ഛികസംഭവങ്ങൾക്കു സമയഭേദം നോക്കാതെ പ്രതിക്രിയ ചെയ്യുന്നതാകുന്നു.

5. അസമയത്തോ വൈദ്യശാലയിൽനിന്നു പുറത്തുവെച്ചോ ദേഹം പരിശോധിക്കുന്നതിന്നു രണ്ടുറപ്പിക ഫീസ്സ് അടയ്ക്കേണ്ടതാകുന്നു.

6. അന്നന്നു മടങ്ങിവരാൻ സാധിക്കാത്ത ഒരു ദിക്കിലേക്കും പോയി ദീനം നോക്കേണ്ടതിന്നു പെട്ടന്നു് ആവശ്യപ്പെട്ടാൽ സൌകൎയ്യമുണ്ടാവുന്നതല്ല.

7. വൈദ്യശാലയിൽനിന്നു ദൂരത്തു പോയി ദീനം പരിശോധിക്കേണ്ടിവന്നാൽ വഴിച്ചിലവിന്നു പുറമെ മൈൽ ഒന്നിന്നു രണ്ടുറപ്പികകണ്ടു ഫീസ്സു മുൻകൂട്ടി അടയ്ക്കേണ്ടതാണു്.

8. ദൂരസ്ഥന്മാൎക്കു് ഇവിടെ വന്നു താമസിപ്പാൻ മനസ്സുള്ളപക്ഷം മുൻകൂട്ടി അറിയിച്ചാൽ ചുരുങ്ങിയ ചിലവിന്മേൽ സ്ഥലം മുതലായതു ചട്ടംകെട്ടി കൊടുക്കുന്നതും പ്രത്യേകം മനസ്സുവെച്ചു ചികിത്സിക്കുന്നതും ആകുന്നു.

9. മുൻകൂട്ടി അറിയിക്കുകയും പണം അടയ്ക്കുകയും ചെയ്യുന്നപക്ഷം ധാര, പിഴിഞ്ഞുപകച്ചു, നവരക്കിഴി മുതലായ എല്ലാ ചികിത്സയും പ്രത്യേകം മനസ്സുവെച്ചു നടത്തിക്കൊടുക്കുന്നതാകുന്നു.

10. ഇവിടെ വന്നു താമസിപ്പാൻ സൌകൎയ്യമില്ലാത്ത ദൂരസ്ഥന്മാൎക്ക് അവരവരുടെ ദീനത്തിന്റെ പൂൎണ്ണവിവരത്തോടുകൂടി കത്തയച്ചാൽ ആലോചിച്ചു മറുപടിയും, വി. പി. യായി മരുന്നും അയച്ചുകൊടുക്കുന്നതാകുന്നു.

11. രോഗസംബന്ധമായി എഴുതുന്ന കത്തുകൾ എല്ലാം വളരെ ഗോപ്യമായി വെക്കും.

12. മറുപടിക്ക് ആവശ്യമുള്ളവർ അവസ്ഥാനുസരണം അരയണായുടേയൊ ഒരണയുടെയൊ ബ്രിട്ടീഷുതപാൽസ്റ്റാമ്പു അയച്ചു തരേണ്ടതാകുന്നു.

പ്രത്യേകം അറിയിപ്പ്.

രോഗത്തെ സംബന്ധിച്ചു കത്തെഴുതുമ്പോൾ 1. രോഗിയുടെ പേർ, 2. പ്രായം, 3. പ്രവൃത്തി, 4. സ്ത്രീപുരുഷഭേദം, 5. രോഗം ആരംഭിച്ച കാലം, 6. ആദ്യം കണ്ട ലക്ഷണം, 7. ഇപ്പോൾ അധികമുള്ള ഉപദ്രവം, 8. ചെയ്ത ചികിത്സകൾ, 9. ദഹനം, ശോധന, ഉറക്കം, രുചി ഇവയെപ്പറ്റിയ പ്രത്യേകവിവരങ്ങൾ ഇവയെല്ലാം അടങ്ങിയിരിക്കേണ്ടതാണ്.

കാൎയ്യസംബന്ധമായ

നിയമങ്ങൾ

1. വാങ്ങുന്നവൎക്കും വില്ക്കുന്നവൎക്കും അധികസൌകൎയ്യമുള്ളതുകൊണ്ട് ഞങ്ങൾ റൊക്കം വിലക്കു മാത്രമേ മരുന്നുകളും സാമാനങ്ങളും വില്ക്കുവാൻ നിശ്ചയിച്ചിട്ടുള്ളു. ദൂരസ്ഥന്മാർ ആവശ്യപ്പെടുന്നപക്ഷം അവ വി. പി. യായി അയച്ചുകൊടുക്കുന്നതാണ്. അപ്പോൾ അതു സംബന്ധമായി പാക്കിങ്ങ് (കെട്ടുകൂലി), തപാൽചിലവു, വി. പി. കമ്മീഷൻ മുതലായ അധികച്ചിലവുകളെല്ലാം ആവശ്യക്കാർതന്നെ സഹിക്കേണ്ടതാകുന്നു.

2. അപരിചിതന്മാൎക്കു നാലിലൊന്നു വിലയെങ്കിലും മുൻകൂറയക്കാതെ യാതൊരു മരുന്നും വി. പി. യായി അയച്ചുകൊടുക്കുന്നതല്ല.

3. വിലയുടെ തോതിലധികം തപാൽചിലവു വരുന്നതുകൊണ്ടു് ഒരുറുപ്പിക വിലയിൽ കുറഞ്ഞ യാതൊരു മരുന്നും മുൻകൂർ പണം മുഴുവൻ അടക്കാതെ അയച്ചുകൊടുക്കുന്നതല്ല.

4. ദൂരദിക്കുകളിലേക്കു സാമാനങ്ങൾ അയക്കുമ്പോൾ ഞങ്ങൾ, കെട്ടി അയക്കുന്നതിലും മറ്റും അതിയായി നിഷ്കൎഷിക്കുന്നുണ്ട്. അതുകൊണ്ടു തപാൽമാൎഗ്ഗത്തിലോ റെയിലിലോ വല്ല നോട്ടക്കുറവുകൊണ്ടും കേടുകൾ സംഭവിച്ചാൽ അതിന്നു ഞങ്ങൾ ഉത്തരവാദം ചെയ്യുന്നതല്ല. എന്നാൽ അങ്ങിനെ വല്ലതും സംഭവിച്ചാൽ ആ വിവരം ഞങ്ങളെ ഉടനെ അറിയിച്ചുതരേണ്ടതും, ഞങ്ങൾ അതിന്നു വേണ്ടതക്ക അന്വേഷണങ്ങൾ നടത്തുന്നതുമാകുന്നു.

5. ഞങ്ങൾ വാങ്ങുന്ന ദിക്കിലെ വിലയുടെ ഏറ്റക്കുറച്ചിൽകൊണ്ടു ഞങ്ങളുടെ മരുന്നുകളുടെ വിലയിലും ചിലപ്പോൾ അല്പാല്പം ഈഷൽഭേദം വരാവുന്നതാകുന്നു.

6. 10 കയിലധികം വിലക്കു ഒരേസമയം ചില്ലറയായി മരുന്നുകൾ വാങ്ങുന്നവൎക്ക ഞങ്ങൾ 10-ന്നു 1 കണ്ടും, 100 കയിലധികം ഒന്നിച്ചെടുക്കുന്നവൎക്ക 100-ന്നു 15 കണ്ടും കിഴിവു കൊടുക്കുന്നതാകുന്നു. എന്നാൽ തുകപ്പടി വിലയിടുന്നതിലും, ചികിത്സാസാമഗ്രികൾ മേൽമരുന്നുകൾ ഇംഗ്ലീഷുമരുന്നുകൾ ഇവയിലും ഈ നിയമം ബാധകമല്ല.

7. മരുന്നുകളോ മററു സാധനങ്ങളോ ആവശ്യപ്പെടുമ്പോൾ അവരവൎക്ക വേണ്ടവയുടെ ഒരു ലിസ്റ്റ് വ്യക്തമായി എഴുതി ഒപ്പിട്ട് അയക്കുകയും, അവരവരുടെ ശരിയായ മേൽവിലാസം അടുത്ത തപാലാപ്പീസ്, തീവണ്ടിയാപ്പീസുണ്ടെങ്കിൽ അത് ഇവയെല്ലാം അറിയിച്ചുതരികയും, കത്തുകൾ നല്ല മഷികൊണ്ടു എഴുതി ബ്രിട്ടീഷ് തപാൽമുദ്ര പതിച്ചു താഴെ പറയുന്ന മേൽവിലാസത്തിലയക്കുകയും വേണ്ടതാണ്.

കമ്പിമേൽവിലാസം:— ആൎയ്യവൈദ്യശാലാമാനേജർ,

Aryavaidyasala, കോട്ടക്കൽ,

Kottakal. S. Malabar

ഏജൻറന്മാൎക്കുള്ള

പ്രത്യേകസഹായം

1. ആദ്യമായി 200 കക്ക് എങ്കിലും മരുന്നു വാങ്ങാത്തവരെ ഞങ്ങൾ ഏജൻറായി സ്വീകരിക്കുന്നതല്ല.

2. മാസത്തിൽ, ചില്ലറയായി 10 ഉറുപ്പികക്കു മരുന്നു വാങ്ങുന്നവൎക്ക 10-ന്ന് 1 പ്രകാരവും, 50 ഉറുപ്പികക്കു മരുന്നു വാങ്ങുന്നവൎക്ക 100-ന്നു 15 പ്രകാരവും, 100 ഉറുപ്പികക്കു മരുന്നു വാങ്ങുന്നവൎക്ക 100 ന്ന് 20 പ്രകാരവും ഉള്ള കമ്മീഷൻ അനുവദിക്കുന്നതാണ്.

3. മരുന്നുകൾ നേരിട്ടുവരുത്തിയാലും മറ്റൊരാളുടെ മേൽവിലാസത്തിൽ വരുത്തിച്ചാലും മേൽപ്പറഞ്ഞ കമ്മീഷന്നു വ്യത്യാസം വരുന്നതല്ല. എന്നാൽ നിയമപ്രകാരം മേൽവിലാസക്കാരന്നു ഡിസ്കൗണ്ടു കൊടുക്കേണ്ടതായി വന്നാൽ അതു മുൻപറഞ്ഞതിൽ നിന്നു കിഴിഞ്ഞുപോകുന്നതുമാകുന്നു.

4. തുകപ്പടിവിലയിന്മേലും, ചികിത്സാസാമഗ്രികൾ മേൽമരുന്നുകൾ ഇംഗ്ലീഷുമരുന്നുകൾ ഇവയിലും മേല്പറഞ്ഞ നിയമം ബാധകമല്ല. എന്നാൽ അതിലും മാസത്തിൽ 100 ഉറുപ്പികയിൽ കുറയാതെ മരുന്നുവാങ്ങുന്നവൎക്ക് ഉറുപ്പികയ്ക്കു ഒരണപ്രകാരം ഉള്ള കമ്മീഷൻ അനുവദിക്കുന്നതാണ്.

5. കമ്മീഷൻസംഖ്യ പണമായിട്ടോ മരുന്നുകളായിട്ടോ മുമ്മൂന്നുമാസം കൂടുമ്പോഴൊ അപ്പപ്പോൾതന്നേയൊ ഏജൻറന്മാരുടെ ഇഷ്ടംപോലെ കൊടുക്കുന്നതാണ്.

6. ആവശ്യപ്പെടുന്ന എല്ലാമരുന്നുകളും അവരവരുടെ ചിലവിന്മേൽ സൗകൎയ്യംപോലെ തപാൽമാൎഗ്ഗമൊ തീവണ്ടിവഴിക്കൊ അയച്ചുകൊടുക്കുന്നതാണ്. എന്നാൽ ആദ്യമായി ഇടപെടുന്നവർ കത്തെഴുതുമ്പോൾതന്നെ നാലിലൊന്നു വില മുൻകൂട്ടി മണിയോർഡർ അയക്കേണ്ടത് അത്യാവശ്യമാകുന്നു.

7. തപാൽമാൎഗ്ഗം മരുന്നുകൾ അയക്കുമ്പോൾ ഞങ്ങൾ പ്രത്യേകം സൂക്ഷിച്ചു കെട്ടുന്നതും, എന്നാലും വഴിക്കു കേടുവന്നതായി ദൃഷ്ടാന്തപ്പെട്ടാൽ ആ നഷ്ടം ഞങ്ങൾതന്നെ വഹിക്കുന്നതുമാകുന്നു.

8. ഒന്നായി 1,000 ഉറുപ്പികക്കോ അതിലധികമൊ മരുന്നുകൾ ആവശ്യപ്പെടുന്നവൎക്കു 100-ന്നു 20 പ്രകാരമുള്ള കമ്മീഷനോടുകൂടി ബ്രിട്ടീഷ് മലബാർ, കൊച്ചി, തിരുവിതാംകൂർ ഈ രാജ്യങ്ങളിലുള്ള ഏതു പ്രധാനപട്ടണങ്ങളിലും ഞങ്ങളുടെ ചിലവിന്മേൽ മരുന്നുകൾ എത്തിച്ചുകൊടുക്കുന്നതാകുന്നു.

9. 7-ാം നമ്പർ നിയമപ്രകാരം മരുന്നുകൾ ആവശ്യപ്പെ

ക്കുന്നവർ പകുതി വില മുൻകൂർ അടയ്ക്കേണ്ടതും, ബാക്കിസംഖ്യ മരുന്നുകൾ എത്തുമ്പോൾ റൊക്കം കൊടുക്കേണ്ടതും ആകുന്നു.

10. റൊക്കം വിലക്കല്ലാതെ മരുന്നുകൾ ആർക്കും കടമായി നിർത്തിക്കൊടുക്കുന്നതല്ല.

11. ഒരിക്കൽ വിററ മരുന്നുകൾ യാതൊരു സംഗതിയിലും തിരിയെ എടുപ്പാൻ നിവൃത്തിയില്ല.

12. ഏജണ്ടുമാർ ഞങ്ങളുടെ മരുന്നുകളെസ്സംബന്ധിച്ചോ അവരവർ ചികിത്സിക്കുന്ന രോഗികളെസ്സംബന്ധിച്ചോ ആവശ്യപ്പെടുന്ന എല്ലാ ഉപദേശങ്ങളും വെറുതെ ചെയ്തുകൊടുക്കുന്നതാണ്.

13. ഒരു പട്ടണത്തിൽ ഒരാളെ മാത്രമേ ഞങ്ങൾ ഏജൻറായി സ്വീകരിപ്പാൻ നിശ്ചയിച്ചിട്ടുള്ളു.

അളവുകൾ

താപ്പു പലദിക്കിലും പലവിധമാകയാലും, സർവ്വസാധാരണമായ അളവോ തുലാക്കോലോ വേറെ കിട്ടാത്തതിനാലും അന്യോന്യം തെററിദ്ധാരണകൾ വരാതിരിപ്പാൻ വേണ്ടി ഞങ്ങൾ ഇംഗ്ലീഷ് അളവിനേയും തൂക്കത്തേയും അടിസ്ഥാനപ്പെടുത്തിയാണ് സാധനങ്ങളുടെ വില ഉറപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് അവകളുടെ താരതമ്യത്തെ താഴെ കാണിക്കുന്നു.

ചൂണ്ടാണിവിരലിൻെറ രണ്ടു സന്ധിവരെ വെള്ളത്തിൽമുക്കിയെടുത്താൽ അതിൽനിന്ന് ആദ്യം ഇററുവീഴുന്ന തുള്ളിക്കു സംസ്കൃതത്തിൽ വിന്ദു=ബി എന്നും, ഇംഗ്ലീഷിൽ മിനിം=മി എന്നും പറയും.

60 മിനിം=1 ഡ്രാം=ഡ്ര — ഇതിന്നു സംസ്കൃതത്തിൽ ശാണമെന്നുപേർ. ഇംഗ്ലീഷിൽ ടീസ്പൂൺ എന്നു പറയുന്നതും ഇതിന്നു ശരിയാണ്.

8 ഡ്രാം=1 ഔൺസ്=സ് ഇതിന്നു ശുക്തിയെന്നു പേർ.

2 സ്=1 പലം=പ ഇതിന്നു മലയാളത്തിൽ മാനം, തവി, തുടം എന്നൊക്കെ പേർപറയും.

2 പ=1-പ്രസൃതം=പ്ര

4 പ=1-അഞ്ജലി=ലി

8 പലം അല്ലെങ്കിൽ

16 സ്=1-പൌണ്ട്=ണ്ട്. ഇതു വൈദ്യത്തിലെ ഭേകഡുബത്തിന്ന ശരിയാണ്. ഇതിന്നു റാത്തൽ എന്നും പറയാം.

10 പലം അല്ലെങ്കിൽ

20-സ്=1 പൈന്റ്=പൈ

24-സ് ഒരു സാധാരണകപ്പി. ഇപ്പൊ കോട്ടക്കിലെ ഇരുനാഴിക ശരിയാണ്.

4-ണ്ട്=1-ദ്വെപ്രസ്ഥം=സ്ഥ

8-പൈ

അല്ലെങ്കിൽ 10 ണ്ട്=1-ഗാലൺ=ൺ

18-ണ്ട് അല്ലെങ്കിൽ 12-കപ്പി=1-ചോതന=ന

4-സ്ഥ =1-ആഢകം=ഢ

4-ഢ =1-ദ്രോണം=ണ

4-ദ്രോണം =1-വഹം=ഹ

തൂക്കങ്ങൾ

നല്ലവണ്ണം വിളഞ്ഞ് ഉണങ്ങിയ ആരിയൻനെല്ലിന്റെ മണികൾ ശരിയായ തൂക്കത്തിന്നു വീശത്തൂക്കം=വീ എന്നു പറയും.

1⅓-വീശത്തൂക്കം =1 ഗ്രേൻ=ഗ്ര

4-വീശത്തൂക്കം =1 കുന്നി=ന്നി

2-കുന്നി =1 മഞ്ചാടി=ടി

2-മഞ്ചാടി =1 പണമിട=ട

60-ഗ്രെൻ അല്ലെങ്കിൽ	
10-പണമിട	=1-ഡ്രാം ഇതിന്നു ചിലയിടങ്ങളിൽ കഴഞ്ച് എന്നു പറയും.
1¼-ഡ്രാം അല്ലെങ്കിൽ	
12½-പണമിട	=1 കഴഞ്ച് =ഞ്ച്
30-പണമിട അല്ലെങ്കിൽ	
3-ഡ്രാം	=ഒരു രൂപത്തൂക്കം=രൂ, തോല=ല എന്നു പറയും.
8-ഡ്രാം	ഒരു ഔൺസ്=സ്
5 തോല അല്ലെങ്കിൽ	
15-ഡ്രാം	=1 പലം=പ
2-പലം	=1 പ്രസൃതം=പ്ര
2-പ്രസൃതം	=1 അഞ്ജലി=ലി, ഇതിന്നു കുഡുബം എന്നു പറയും.
2-അഞ്ജലി അല്ലെങ്കിൽ	
8-പലം	=ഒരു റാത്തൽ
12½-റാത്തൽ	=ഒരു തുലാം

അരിഷ്ടങ്ങൾ

(എല്ലാം 24 ഔൺസ് കുപ്പിയിൽ)

അഭയാരിഷ്ടം.

മൂലക്കുരു ശോധനക്കുറവ് ഇവകളിൽ നല്ലത്. മാത്ര അര മുതൽ ഒരു ഔൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക. 2 8 0

അയസ്കൃതി.

പ്രമേഹം, രക്തരക്ഷം ഇവയിൽ വിശേഷം. ഇതു് അര

മുതൽ ഒരു ഔൺസുവരെ, രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക. 4 0 0

അശോകാരിഷ്ടം.

സ്ത്രീകൾക്കുണ്ടാകുന്ന അസൃഗ്ദരം യോനിസ്രാവം ഇവകളിൽ പ്രശസ്തം. ഗൎഭപാത്രസംബന്ധമായ രോഗങ്ങൾക്കും നന്ന്. ഇതു് അരമുതൽ ഒരു ഔൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. പത്ഥ്യം:—മുളകു പുളി ഉള്ളി മുതലായ ഉഷ്ണസാധനങ്ങൾ, മൈഥുനം, ദേഹാദ്ധ്വാനം ഇവ വൎജ്ജിക്കണം. കുപ്പിക്കു വില ക 3 0 0

അശ്വഗന്ധാരിഷ്ടം.

മനോരോഗങ്ങൾ, കാൎശ്യം, ബുദ്ധിമാന്ദ്യം ഇവയിൽ നല്ലതു്. മാത്ര അരമുതൽ ഒരു ഔൺസുവരെ ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം. കുപ്പി ഒന്നുക്കു് വില ക. 3 0 0

അഹിഫേനാസവം.

അതിസാരം, ഗ്രഹണി, ശൂല, ഇവകളിൽ പ്രധാനം.
മാത്ര പതിനഞ്ചു മുതൽ അറപത്തു തുള്ളിവരെ.

ഏട്ടിരട്ടി തിളപ്പിച്ചാറിയ വെള്ളംചേൎത്തു സേവിക്കണം.
16 ഔൺസ് കുപ്പി ഒന്നിന്നു വില ക. 6 0 0

കനകാസവം.

കാസശ്വാസം ക്ഷയം ഇവകളിൽ പത്ഥ്യം.
മാത്ര അരമുതൽ ഒരു ഔൺസുവരെ ഭക്ഷണത്തിന്നു മുമ്പൊ പലവട്ടമായൊ സേവിക്കാം. കുപ്പിക്കു വില ക. 3 0 0

കൎപ്പൂരാസവം.

വിഷൂചിക, അഗ്നിമാന്ദ്യം, ഗ്രഹണി ഇവകളിൽ പ്രസിദ്ധപ്പെട്ടതു്. അതിസാരത്തിന്നും കൊള്ളാം.

മാത്ര 5 മുതൽ 60 തുള്ളിവരെ, നാലിരട്ടി തിളപ്പിച്ചാറിയ വെള്ളം ചേൎത്തു പലവട്ടമായി സേവിക്കണം.

1 ഔൺസ് കുപ്പി ഒന്നിന്നു വില ക. 0 8 0
24 ,, ,, ,, ക. 9 0 0

കുടജാരിഷ്ടം

രക്താർശസ്സ്, രക്താതിസാരം ഇവകളിൽ അരമുതൽ ഒരു ഔൺസുവരെ. രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക. 3 0 0

ഖദിരാരിഷ്ടം.

കുഷ്ഠം, ശ്വിത്രം ഇവകൾക്കു ഒന്നാന്തരമാണ്.

മാത്ര അരമുതൽ ഒരു ഔൺസുവരെ ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

ഗോമൂത്രാരിഷ്ടം.

ശ്വിത്രം, കുഷ്ഠം, ഇവകളിൽ വിശേഷപ്പെട്ടത്.

മാത്ര—അരമുതൽ ഒരു ഔൺസുവരെ ഭക്ഷണത്തിന്നു മുമ്പു രണ്ടു നേരവും സേവിക്കാം കുപ്പിക്കു വില ക 3 0 0

ചന്ദനാസവം.

അസ്ഥിസ്രാവം, ശുക്ലസ്രാവം ഇവകൾക്കു ഹിതം.

മാത്ര അരമുതൽ ഒരു ഔൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പ് സേവിക്കണം. കുപ്പിക്കു വില ക 3 0 0

ജീരകാദ്യരിഷ്ടം.

കാസശ്വാസം, ക്ഷയം, എക്കിട്ട് ഇവകളിൽ പ്രസിദ്ധപ്പെട്ട മരുന്നാണിത്. അരമുതൽ ഒരു ഔൺസുവരെ ഭക്ഷണത്തിന്നു മുമ്പോ പിമ്പോ പലവട്ടമായോ സേവിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ദന്ത്യരിഷ്ടം (ചെറിയത്)

മലബന്ധം, മഹോദരം. നീർ ഇവകളിൽ ശോധനയുണ്ടാക്കി സുഖപ്പെടുത്തും. ദ്രുമനം നന്ന്. മാത്ര അരമുതൽ ഒരു ഔൺസുവരെ കാലത്തും വൈകുന്നേരവും സേവിക്കാം.

കുപ്പി ഒന്നിന്നു വില ക 2 8 0

ദന്ത്യരിഷ്ടം (വലിയത്.)

മലബന്ധം, മഹോദരം, നീർ ഇവകളിൽ ശോധന വരുത്തി സുഖപ്പെടുത്തും. ഉന്മനം നന്ന് മാത്ര അരമുതൽ ഒരു ഔൺസു വരെ. കാലത്തും വൈകുന്നേരവും സേവിക്കാം.

കുപ്പി ഒന്നിന്നു വില ക 3 0 0

ദശമൂലാരിഷ്ടം.

ബലക്ഷയം, ശുക്ലക്ഷയം, കാർശ്യം ഇവകളിൽ സദ്യഃഫലമാണ്. ഓജസ്സിനേയും കാന്തിയേയും വർദ്ധിപ്പിക്കും.

മാത്ര അര മുതൽ ഒരു ഔൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാവുന്നതാണ്.

24-സ് കുപ്പി ഒന്നിന്നുവില ക 4 8 0

ദുരാലഭാരിഷ്ടം.

മൂലക്കുരു മലബന്ധം ദഹനക്ഷയം ഇവയിൽ നല്ലതാണ്. വില മാത്ര മുതലായ്ത് പിപ്പല്യാസവംപോലെ.

ദ്രാക്ഷാരിഷ്ടം.

ബലക്ഷയം, പാണ്ഡു, ഗ്രഹണി ഇവകളിൽ സേവിപ്പാൻ നന്ന്. ദേഹത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യും.

മാത്ര ഒന്നുമുതൽ രണ്ടൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം.

24 സ് കുപ്പി ഒന്നിന്നു വില ക 2 8 0

ധാന്യാമ്ലം (വെപ്പുകാടി)

വാതത്തിങ്കൽ ധാരക്കും സേവിപ്പാനും നല്ലതാണ്.

മാത്ര ഒന്നു മുതൽ നാലൌൺസുവരെ.

24-ഔൺസ് കുപ്പി ഒന്നിന്നു വില ക 0 6 0

നാളികേരാസവം.

പാണ്ഡു, രക്തക്ഷയം ഇവകളിൽ ഗുണകരമാണ്.

മാത്ര അര മുതൽ ഒരൌൺസുവരെ ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം കുപ്പിക്കു വില ക 3 0 0

പീലപാസവം.

മൂലക്കുരു, അഗ്നിമാന്ദ്യം ഇവയിൽ പ്രശസ്തം. മാത്ര അര മുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

പുനൎന്നവാസം.

ശോഫം, പാണ്ഡു ഇവകൾക്കു വിശേഷം.

മാത്ര ഒന്നു മുതൽ രണ്ടൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില 3 0 0

പൂതികരഞ്ജാസവം.

മൂലക്കുരു അഗ്നിമാന്ദ്യം ഇവകൾക്കു പ്രശസ്തം. മാത്ര അര മുതൽ ഒരൌൺസുവരെ ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

പൂതിവല്ക്കാസവം.

മൂലക്കുരു അഗ്നിമാന്ദ്യം ഇവകൾക്കു നല്ലതു്. അര മുതൽ ഒരൌൺസുവരെ. ഭക്ഷണത്തിന്നു മുമ്പു സേവിക്കണം.
24 ഔൺസ് കുപ്പി ഒന്നിന്നു വില ക 2 8 0

മധൂകാസവം (ചെറിയതു്)

ഗ്രഹണി, അഗ്നിമാന്ദ്യം ഇവകളിൽ അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം. കുപ്പി ഒന്നിന്നു വില ക 3 0 0

മധൂകാസവം (വലിയതു്)

ഗ്രഹണി, അഗ്നിമാന്ദ്യം, ഇവകളിൽ അര മുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം. കുപ്പി ഒന്നിന്നു വില ക 3 8 0

മൃഗമദാസവം.

സന്നി, അപസ്മാരം, കാസശ്വാസം, എക്കിട്ട, ഛൎദ്ദി, മോഹാലസ്യം ഇവകളിൽ വിശേഷം.

മാത്ര അരമുതൽ രണ്ടുഡ്രാംവരെ നാലിരട്ടി ജീരകവെള്ളം ചേൎത്തു പലവട്ടമായി സേവിക്കണം.

ഔൺസ് ഒന്നിന്നു വില ക 4 0 0

മൃതസഞ്ജീവിനി.

ബലക്ഷയം, ആലസ്യം, അഗ്നിമാന്ദ്യം ഇവകളിൽ അരമുതൽ ഒരു ഔൺസു വരെ രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം. കുപ്പിക്കു വില ക 4 0 0

മൃദ്വീകാരിഷ്ടം

ഗ്രഹണി, പാണ്ഡു, ബലക്ഷയം ഇവകളിൽ ശീലിച്ചാൽ നന്നു. ഒന്നുമുതൽ രണ്ടൌൺസുവരെ ഭക്ഷണത്തിന്നു മുമ്പൊ പിമ്പൊ സേവിക്കാം. കുപ്പിക്കു വില ക 2 8 0

രോഹീതകാരിഷ്ടം.

പ്ലീഹരോഗം, പ്ലീഹോദരം ഇവകളിൽ സിദ്ധൌഷധമാണു്. അരമുതൽ ഒരു ഔൺസുവരെ. രണ്ടുനേരവും ഭക്ഷണത്തിന്നുമുമ്പു സേവിക്കണം. കുപ്പിക്കു വില ക 4 0 0

ലോധ്രാസവം.

പ്രമേഹത്തിൽ വളരെ സമ്മതപ്പെട്ട മരുന്നാണു്.

മാത്ര അരമുതൽ ഒരൌൺസു വരെ ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

ലോഹാസവം.

രക്തക്ഷയം, പാണ്ഡു ഇവകളിൽ ഒന്നാന്തരം.

മാത്ര അരമുതൽ ഒരൌൺസുവരെ ഭക്ഷണശേഷം സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

വാശാരിഷ്ടം.

കാസശ്വാസം, ക്ഷയം ഇവകൾക്കു കൈകണ്ടതു്.

മാത്ര ഒരു ഡ്രാം മുതൽ ഒരൌൺസുവരെ ഭക്ഷണത്തിന്നു മുമ്പൊ പലവട്ടമായൊ സേവിക്കാം.

24-ഔൺസ് കുപ്പി ഒന്നിന്നു വില ക 3 0 0

വിജയാരിഷ്ടം.

അഗ്നിമാന്ദ്യം, ഗ്രഹണി, അതിസാരം, വയററിൽ വേദന ഇവയിൽ വിശേഷം ധാതുപുഷ്ടിക്കും നന്ന്.

മാത്ര ഒന്നുമുതൽ രണ്ട് ഡ്രാംവരെ നാലിരട്ടി വെള്ളംചേൎത്തു ഭക്ഷണശേഷം സേവിക്കണം.

കുപ്പി ഒന്നിന്നു വില ക 6 0 0

ശ്രീഖണ്ഡാസവം.

മദ്യദോഷം മദാത്യയം ബുദ്ധിഭ്രമം ഇവയിൽ നല്ലത്.

മാത്ര ഒന്നുമുതൽ രണ്ടൌൺസ് വരെ ഭക്ഷണത്തിന്നു മുമ്പോ പലവട്ടമായോ സേവിക്കാം.

കുപ്പി ഒന്നിന്നു വില ക 3 0 0

സാരസ്വതാരിഷ്ടം.

ബുദ്ധിമാന്ദ്യം മനോരോഗങ്ങൾ ഇവകൾക്കു നല്ലത്.

മാത്ര അരമുതൽ ഒരു ഔൺസ് വരെ കാലത്തു സേവിക്കണം. കുപ്പി ഒന്നിന്നു വില ക 8 0 0

എണ്ണകൾ.*

(എല്ലാം 16 ഔൺസു കുപ്പിയിൽ)

അണുതൈലം.

എല്ലാ ഊൎദ്ധ്വാംഗരോഗങ്ങൾക്കും നസ്യത്തിന്നും പ്രശസ്തം.

മാത്ര രണ്ടുമുതൽ പത്തു ബിന്ദുവരെ.

ഔൺസു ഒന്നിന്നു വില ക 0 8 0

16 ഔൺസ് കുപ്പി ഒന്നിന്നു വില ക ൭ 0 0

* എണ്ണകൾക്കും മററും അസാമാന്യമായി വില വൎദ്ധിച്ചിരിക്കുന്നതിനാൽ സ്വല്പം ചിലതിന്നു വില വൎദ്ധിപ്പിക്കേണ്ടിവന്നതിനാൽ വ്യസനിക്കുന്നു.

അമൃതാദി ചെറിയത്.

രക്തവാതത്തിനും, തലചൂട്, വേദന ഇവകൾക്കു തലക്കു തേക്കണം. കുപ്പി ഒന്നിന്നു വില ക 2 8 0

അമൃതാദി എണ്ണ വലിയത്

നീരിളക്കം, കുരു, ചിരങ്ങ് ഇവകളിൽ കുളിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പായി തലയിൽ തേക്കണം.

16-ഔൺസ് കുപ്പി ഒന്നിന്നു വില ക 3 0 0

അരിമേദതൈലം (ചെറിയത്)

മുഖരോഗം ദന്തരോഗം ഇവകളിൽ കവിൾകൊള്ളുകയും തലയിൽ തേക്കുകയും ആവാം.

കുപ്പി ഒന്നിന്നു വില ക 3 0 0

അരിമേദതൈലം (വലിയത്)

മുഖരോഗം ദന്തരോഗം ഇവകളിൽ ചെറുചൂടോടെ കവിൾക്കൊള്ളുവാൻ നന്ന്. കുപ്പിക്കു വില ക 4 0 0

അസനവില്വാദി.

തലവേദന, നീരിളക്കം, കണ്ണിന്നും മറ്റും സുഖക്കേടു ഇവകളിൽ കുളിക്കുന്നതിനു ഒരു മണിക്കൂർ മുമ്പായി തലയ്ക്കുതേക്കണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ടി ഞെരിഞ്ഞിൽ പ്പാദി കൽക്കം ചേർത്തത് ക 3 0 0

ടി ഏലാദി കൽക്കം ചേർത്തത്. ക 3 0 0

ആദിത്യപാകതൈലം.

ചൊറി, ചിരങ്ങ്, കുഷ്ഠം ഇവകളിൽ മേൽ തേച്ച് തലോടി രണ്ടുമണിക്കൂർ കഴിഞ്ഞാൽ ചൂടുവെള്ളം പകർന്നു കുളിക്കണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ആരനാളാദി.

രക്തവാതം, ചൂടുംപുകച്ചിൽ ഇവകളിൽ പുരട്ടുവാനു നന്ന്.

കുപ്പി ഒന്നിന്നു വില ക 2 8 0

ആറകാലാദി എണ്ണ.

കാമില, പാണ്ഡു ഇവകളിൽ കുളിക്കുന്നതിന്നു അരമണിക്കൂർ മുമ്പായി തലക്കും മേലേക്കും തേക്കാം.

കുപ്പി ഒന്നിന്നു വില ക 2 8 0

ഏലാദി എണ്ണ

നീരിളക്കം കുരു, ചിരങ്ങ് ഇവകളിൽ കുളിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പായി തലയിലും മേലും തേക്കാം.

കുപ്പി ഒന്നിന്നു വില ക 3 0 0

കച്ചോരാദി എണ്ണ.

കുഷ്ഠം, ചൊറി, ചിരങ്ങ് ഇവകളിൽ മേൽ തേക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

കയ്യന്യാദി എണ്ണ.

കണ്ണ്, ചെവി, തല ഇവകളിലെ രോഗങ്ങളിൽ കുളിക്കുന്നതിന്ന് ഒരു മണിക്കൂർ മുമ്പായി തേക്കണം.

കുപ്പി ഒന്നിന്നു വില ക 2 8 0

കർപ്പൂരാദി

വാതം, കടച്ചിൽ, തരിപ്പ് ഇവകളിൽ മേൽ പുരട്ടി അരമണിക്കൂറിന്നുശേഷം വിയർപ്പിക്കണം.

ഒരു ഔൺസു കുപ്പി ഒന്നിന്നു വില ക 0 5 0

കുപ്പി ഒന്നിന്നു വില ക 4 0 0

കാർപ്പാസാസ്ഥ്യാദി

വാതരോഗം, പ്രത്യേകിച്ച് അർദ്ദിതം ഇവയിൽ തലേക്കും മേലേക്കും ഉപയോഗിക്കാം.

കുപ്പി ഒന്നിന്നു വില ക 3 0 0

കിംശുകപത്രാദി

പഴയ ചൊറി, ചിരങ്ങ്, ഒക്കചിരങ്ങ് ഇവകളിൽ പുരട്ടി രണ്ടുനേരവും ചൂടുള്ളവെള്ളംകൊണ്ടു കഴുകണം.

കുപ്പി ഒന്നിന്നു വില ക 3 0 0

കുങ്കുമാദിതൈലം.

ഇതു മുഖത്തെ കരിമങ്ങും മുതലായതിൽ പുരട്ടുവാനും നസ്യം ചെയ്യാനും കൊള്ളാം. 1-സ് കുപ്പിക്ക വില ക 2 4 0

കുന്തളകാന്തിതൈലം

തലമുടി വളരുവാനും, നര വരാതിരിപ്പാനും തലക്കു സുഖത്തിന്നും വേണ്ടി പതിവായി കുളിക്കുന്നതിന്നുമുമ്പു തലക്കു തേക്കണം. കുപ്പി ഒന്നിന്നു വില ക 4 0 0

കൊട്ടംചുക്കാദി.

വാതത്തിന്നു തേപ്പാൻ നല്ലത്

കുപ്പി ഒന്നിന്നു വില ക 2 8 0

ക്ഷാരതൈലം

കർണ്ണരോഗങ്ങളിൽ ചെറുചൂടോടെ തുളിപ്പാൻ നന്ന്.

1-ഔൺസ് കുപ്പി ഒന്നിന്നു വില 0 6 0

16-സ് കുപ്പി ഒന്നിന്നു വില 4 0 0

ക്ഷീരബലാതൈലം.

എല്ലാ വാതത്തിന്നും തേപ്പാനും, സേവിപ്പാനും, നസ്യം വസ്തി മുതലായതിന്നും വിശേഷം.

മാത്ര അരമുതൽ രണ്ടൌൺസുവരെ. കഷായങ്ങളിൽ മേമ്പൊടി ചേൎക്കുമ്പോൾ കാൽമുതൽ രണ്ടുഡ്രാംവരെ; നസ്യത്തിന്നു ആറുമുതൽ പത്തു വിന്ദുവരെ; സേവിപ്പാനുള്ള മാത്ര നൂറ്റൊന്നാവൎത്തിച്ചതിന്നു പത്തുമുതൽ അറുപത്തു തുള്ളിവരെ; മേമ്പൊടിക്ക അഞ്ചുമുതൽ പതിനഞ്ചുതുള്ളിവരെ.

നസ്യത്തിന്നു 6 തുള്ളിമുതൽ 10 തുള്ളിവരെ.

ആവൎത്തിക്കാത്തതു.

കുപ്പി ഒന്നിന്നു വില		ക	2	8	0
ടി ചോതന ഒന്നിന്നു	,,	,,	36	0	0
മൂന്നാവൎത്തിച്ചുള്ള കുപ്പി	,,	,,	4	8	0
ടി ചോതന ഒന്നിന്നു	,,	,,	65	0	0

ഏഴാവത്തിലുള്ള കുപ്പിക്കൊന്നിന്നു വില ക 8 0 0
ടി ഡോസനൊന്നിന്നു ,, ,, 116 0 0
പതിന്നാലാവത്തിലുള്ള കുപ്പി ,, ,, 16 0 0
ഇരുപത്തൊന്നാവത്തിലുള്ളതിന്നു കുപ്പി ,, 20 0 0
നാല്പത്തൊന്നാവത്തിലുള്ള കുപ്പി ,, 32 0 0
ആയിരൊന്നാവത്തിലുള്ളതിന്നു ഔൺസ്
ഒന്നിന്നു വില ക 3 0 0
ടി പതിനാറൌൺസ് കുപ്പി ഒന്നിന്നു 40 0 0

ക്ഷീരാദി തൈലം

അകാലത്തു വരുന്ന നരയെ തടസ്ഥം ചെയ്വാൻ ഇതുകൊണ്ടു നസ്യം വിശേഷമാണ്.

മാത്ര രണ്ടുമുതൽ പത്തു ബിന്ദുവരെ.

16-സ് കുപ്പിക്കൊന്നിന്നു ക 6 0 0

ഗന്ധക തൈലം (1)

കുഷ്ഠം, ചൊറി, ചിരങ്ങ് ഇവകളിൽ സേവിപ്പാനുള്ളതാണിത്.

മാത്ര അര മുതൽ ഒരു ഡ്രാംവരെ രണ്ടുനേരവും ഊണിന്നു മുമ്പു സേവിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ഗന്ധക തൈലം (2)

കുഷ്ഠം, ചൊറി, ചിരങ്ങ് ഇവകളിൽ പുരട്ടി രണ്ടു മണിക്കൂർ കഴിഞ്ഞാൽ ചൂടുവെള്ളംകൊണ്ടു കഴുകണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ഗന്ധ തൈലം.

വാതം, ഉളുക്ക്, ഒടിവ്, ചതവ്, നാഡിപ്പിഴ ഇവയിൽ സേവിപ്പാനും പുരട്ടുവാനും നസ്യം മുതലായതിന്നും കൊള്ളാം. മാത്ര ഒന്നുമുതൽ നാലുഡ്രാംവരെ.

1-ഔ കുപ്പി ഒന്നിന്നുവില ക 1 8 0

ചന്ദനാദിതൈലം (ചെറിയത്)

തലചുട്ട ബുദ്ധിഭ്രമം ഇവകളിൽ തലയ്ക്കു തേപ്പാൻ നന്ന്.

കുപ്പി ഒന്നിന്നു വില ക 2 8 0

ചന്ദനാദി (വലിയത്.)

ഉഷ്ണാധിക്യം, ചുട്ടുനീറൽ, ബുദ്ധിഭ്രമം ഇവകളിൽ കുളിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പു തലക്കു തേക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ചാമ്പാദി (വലിയത്.)

വാതത്തിന്നു മേൽതേപ്പാൻ നല്ലതാണ്.

കുപ്പി ഒന്നിന്നു വില ക 3 0 0

ചെമ്പരുത്യാദിവെളിച്ചെണ്ണ.

കുട്ടികൾക്കുള്ള കരപ്പൻ മുതലായ രോഗങ്ങൾ വരാതിരിപ്പാനും വന്നതു മാറ്റാനും തലയിലും മേലും തേപ്പിക്കണം. പച്ചവെള്ളത്തിൽ കുളിപ്പിക്കരുത്.

കുപ്പി ഒന്നിന്നു വില ക 4 0 0

ജാത്യാദിതൈലം.

എല്ലാ വ്രണവും ശുദ്ധിവന്നു ഉണങ്ങുവാൻ പുരട്ടുകയൊ ധാരയിടുകയൊ ശീലമുക്കിയിടുകയൊ ചെയ്യാം. വ്രണം രണ്ടു നേരവും ഔഷധജലംകൊണ്ടു കഴുകണം.

കുപ്പി ഒന്നിന്നു വില ക 6 0 0

ജ്യോതിഷ്മത്യാദി.

നാളീവ്രണം, അപചി, ഗണ്ഡം ഇവകളിൽ പുരട്ടുവാനും പിച്ചുവാനും ധാരക്കും നന്ന്.

കുപ്പി ഒന്നിന്നു വില ക 3 0 0

തുംഗദ്രുമാദി.

പിത്താധിക്യം, ചൂട്, ബുദ്ധിഭ്രമം ഇവകളിൽ കുളിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പായി തലക്കു തേക്കുവാൻ നന്ന്.

കുപ്പി ഒന്നിന്നു വില ക 2 8

ഭൃംഗരാജതൈലം

കാസശ്വാസങ്ങളിൽ തലക്കു തേപ്പാൻ നല്ലത്.

കുപ്പി ഒന്നിന്നു വില ക 3 0 0

ത്രിഫലാദി എണ്ണ

നേത്രരോഗങ്ങളിൽ തലക്കു തേക്കുവാൻ മുഖ്യം.

കുപ്പി ഒന്നിന്നു വില ക 3 0 0

ദിനേശവല്യാദി കുഴമ്പ്

പാദദാഹം, ചൊറി, ചിരങ്ങ് ഇവകളിൽ കുളിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പായി മേൽ തേക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ധാന്വന്തരം കുഴമ്പ്

എല്ലാ വാതത്തിന്നും മേൽതേക്കുവാനും പിഴിച്ചലിന്നും നന്ന്. കുളി ചൂടുവെള്ളത്തിലാക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ധാന്വന്തരം തൈലം

എല്ലാ വാതത്തിന്നും തേക്കുക, നസ്യം, വസ്തി ഇവകൾ വിശേഷം. പ്രസവിച്ചു കിടക്കുന്നവൎക്കും വാതരോഗികൾക്കും പാനത്തിന്നും മുഖ്യമാണിത്.

മാത്ര ക്ഷീരബല പോലെ.

ആവൎത്തിക്കാത്തതു കുപ്പി ഒന്നിന്നു വില		ക.	3	0	0
3-ആവൎത്തിച്ചത്	,,	,,	5	0	0
7-ആവൎത്തിച്ചത്	,,	,,	9	0	0
14-ആവൎത്തിച്ചത്	,,	,,	16	0	0
21-ആവൎത്തിച്ചത്	,,	,,	20	0	0
41-ആവൎത്തിച്ചത് കുപ്പിഒന്നിന്നു		,,	32	0	0
101-ആവൎത്തിച്ചത് ഔൺസ് ഒന്നിന്നു		,,	3	0	0
ടി 16 ഔൺസ് കുപ്പി ഒന്നിന്നു		,,	40	0	0

ധുർദ്ധൂരാദിതൈലം

തലയിൽ താരൻ നശിപ്പാനും മുടി വളരുവാനും നന്ന്.

കുപ്പി ഒന്നിന്നു വില ക 2 8 0

നാഗരാദിതൈലം.

കഴുത്തിന്നു മേല്പെട്ടുള്ള എല്ലാ വ്യാധികൾക്കും പ്രത്യേകിച്ചു മുഖരോഗങ്ങൾക്കും പ്രധാനമായത്. തേക്കുവാനും നസ്യത്തിന്നും സേവിപ്പാനും കൊള്ളാം.

കുപ്പി ഒന്നിന്നു വില ക 4 0 0

നാരായണതൈലം (ചെറിയത്)

വാതത്തിന്നും രക്തവാതത്തിന്നും നസ്യം മുതലായതിന്നും കൊള്ളാം. കുപ്പി ഒന്നിന്നു വില ക 3 0 0

നാരായണതൈലം (വലിയത്)

വാതത്തിന്നും രക്തവാതത്തിന്നും നസ്യം പാനം മുതലായതിന്നും തേക്കുവാനും വിശേഷം.

മാത്ര ക്ഷീരബലപോലെ.

16-ഔൺസ് കുപ്പി ഒന്നിന്നു വില ക 6 0 0

നാല്പാമരാദിതൈലം.

ചൊറി, ചിരങ്ങ്, വിസൎപ്പം ഇവകളിൽ തലയിലും മേലും തേപ്പാൻ നന്ന് രക്തദുഷ്യത്തിന്നും കൊള്ളാം.

16-ഔൺസ് കുപ്പി ഒന്നിന്നു വില ക 2 8 0

ടി. വെളിച്ചെണ്ണ കുട്ടികൾക്ക് ക 2 8 0

നിംബാദിതൈലം.

തലയിൽ താരൻ ചിരങ്ങ രോമംകൊഴിച്ചിൽ ഇവയിൽ കുളിക്കുന്നതിന്നു ഒരുമണിക്കൂർ മുമ്പ തേക്കണം.

16-സ് കുപ്പി ഒന്നിന്നു വില ക 2 8 0

നിശോശീരാദി.

പ്രമേഹരോഗികൾക്കു കുരു പുറപ്പെടാതിരിപ്പാൻ ഇതു നിത്യേന തലക്കും മേലക്കും ശീലിക്കേണ്ടതാണ്.

കുപ്പി ഒന്നിന്നു വില ക 3 0 0

നീലീഭൃംഗാദിഎണ്ണ.

തലമുടി വളരുവാൻ പെൺകിടാങ്ങൾ തലയിൽ തേക്കേണ്ടതാണിത്. ഒരു മണിക്കൂർ കുറയാതെ നിയമേന തേച്ചിരിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

ഒനാങ്ങണാദിതൈലം.

പെരുങ്കാലിന്നു സേവിപ്പാൻ നന്ന്. കാൽമുതൽ ഒരു ഔൺസ് വരെ കാലത്തോ അത്താഴം കഴിഞ്ഞോ പതിവായി സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

പഞ്ചവല്കാദിഎണ്ണ.

രക്തപിത്താധികമായ വിസർപ്പം, കുഷ്ഠം, ചൊറി, ചിരങ്ങ് ഇവകളിൽ തലയിലും മേലും തേക്കുവാൻ നന്ന്.

കുപ്പി ഒന്നിന്നു വില ക 2 6 0

പഞ്ചാമ്ലതൈലം.

ശോഫം, പാണ്ഡു, ഉദരം ഇവകളിൽ മേൽതേപ്പാൻ നന്ന്

കുപ്പി ഒന്നിന്നു വില ക 3 0 0

പിണ്ഡതൈലം.

രക്തവാതത്തിന്നു മേൽതേപ്പാനും, വീക്കമുള്ളേടത്തു പുരട്ടുവാനും, വിശേഷം വീക്കം, ചുവപ്പ്, വേദന, ചുട്ട് ഇവയുടെ തല്ക്കാലശമനത്തിന്നു ഖജിതം അധികം നന്ന്.

കുപ്പി ഒന്നിന്നു വില ക 2 8 0

ടി ഖജിതം ക 3 0 0

പുനർന്നവാദിതൈലം.

ശോഫം, പാണ്ഡു, ഉദരം ഇവകളിൽ തലക്കും മേലക്കും തേക്കുവാനും സ്ഥലത്തു പുരട്ടുവാനും നന്ന്.

കുപ്പി ഒന്നിന്നു വില ക 2 0 0

പ്രപൌണ്ഡരീകാദിതൈലം.

അകാലത്തിലെ നരക്കും മറ്റു ശിരോരോഗങ്ങൾക്കും തലക്കുതേക്കുവാനും മൂക്കിൽ നസ്യംചെയ്യുവാനും മുഖ്യം. മാത്ര രണ്ടുമുതൽ പത്തുതുള്ളിവരെ. കുപ്പി ഒന്നിന്നുവില ക 2 8 0

പ്രഭഞ്ജനവിമൎദ്ദനം.

എല്ലാ വാതത്തിന്നും മേൽതേപ്പാൻ നന്ന്. ഒരു മണിക്കൂറിൽ കുറയാതെ തേച്ചിരുന്നു ചൂടുവെള്ളം പകൎന്നു കുളിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

പ്രസാരണീതൈലം (ചെറിയതു)

വാതത്തിന്നുതേപ്പാനും, പാനം നസ്യം മുതലായതിന്നും നന്ന്. മാത്ര ക്ഷീരബലപോലെ. കുപ്പി ഒന്നിന്നു വില ക 2 8 0

പ്രസാരണീതൈലം (വലിയത്)

വാതത്തിന്നുതേപ്പാനും പാനം നസ്യം മുതലായതിന്നും നന്ന്. മാത്ര ക്ഷീരബലപോലെ. കുപ്പി ഒന്നിന്നുവില 4 0 0

ബലാഗുളൂച്യാദി എണ്ണ.

രക്തവാതത്തിന്നു തലക്കുതേക്കുവാൻ നന്ന്.

കുപ്പി ഒന്നിന്നു വില ക 2 0 0

ബലാതൈലം.

വാതത്തിന്നും രക്തവാതത്തിന്നും പാനാഭ്യംഗാദികൾക്കും നല്ലതു്. മാത്ര ക്ഷീരബലപോലെ.

കുപ്പി ഒന്നിന്നുവില ക 12 0 0

ബലാധാത്ര്യാദി എണ്ണ.

തലക്കു തണുപ്പിന്നും ശിരോരോഗത്തിന്നും തലക്കു തേപ്പാൻ നന്ന്. ഒരു മണിക്കൂർനേരം തേച്ചിരിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ബലാശ്വഗന്ധാദി കുഴമ്പ്.

ദേഹപുഷ്ടിക്കും രക്തപുഷ്ടിക്കും വേണ്ടി മേൽതേച്ചു തലോളി ചൂടുവെള്ളം പകൎന്നു കുളിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ബലാശ്വഗന്ധാദിതൈലം.

ഇതു നീരിളക്കത്തിന്നും ക്ഷയത്തിന്നും രക്തദുഷ്ട്യത്തിന്നും തലക്കു തേക്കുവാനുള്ളതാണ്. വില കുഴമ്പുപോലെതന്നെ. ഇതു മേൽതേക്കുന്നതിന്നും വിരോധമില്ല.

ഭൃംഗാമലകാദി (ചെറിയതു്)

കണ്ണു്, ചെവി, തല ഇവകളുടെ രക്ഷക്കു തലക്കു തേപ്പാൻ വിശേഷം. ഒരു മണിക്കൂർ തേച്ചിരിക്കണം.

കുപ്പി ഒന്നിന്നു വില ക 3 0 0

ഭൃംഗാമലകാദി (വലിയതു്)

കണ്ണു്, ചെവി, തല ഇവകളുടെ രക്ഷക്കു നിയമേന തലക്കു തേക്കുവാൻ അതിവിശേഷം. കുപ്പിഒന്നിന്നു വില ക 3 8 0

മഞ്ജിഷ്ഠാദി എണ്ണ.

നേത്രസുഖത്തിന്നും തലക്കു തണുപ്പിന്നും വേണ്ടി ഇതു തേച്ചാൽ വളരെ ഫലമുണ്ടു്. കുപ്പി ഒന്നിന്നു വില ക 3 0 0

മരിചാദിതൈലം.

നീരിളക്കം, കുരു, ചൊറി മുതലായതിൽ തലക്കു തേപ്പാൻ വിശേഷം. കുപ്പി ഒന്നിന്നു വില ക 2 0 0

മഹാകുക്കുടമാംസതൈലം

എല്ലാ വാതത്തിന്നും, ശോഷം, തരിപ്പു് ഇവകൾക്കും, പാനാഭ്യംഗാദികൾക്കും ഹിതം മാത്ര ക്ഷീരബലപോലെ.

കുപ്പി ഒന്നിന്നു വില ക 5 0 0

മഹാമാഷതൈലം.

എല്ലാ വാതത്തിന്നും പ്രത്യേകിച്ചു സങ്കോചവാതത്തിന്നും പാനാഭ്യംഗാദികൾക്കും വിശേഷം.

മാത്ര ക്ഷീരബലപോലെ.

കുപ്പി ഒന്നിന്നു വില ക 4 0 0

മഹാരാജപ്രസാരണീതൈലം.

ത്രിദോഷങ്ങളിലും പ്രത്യേകിച്ചു വാതത്തിലും പാനാഭ്യംഗാദികൾക്കു വിശേഷപ്പെട്ടതു്.

മാത്ര ഒരു ഡ്രാം മുതൽ ഒരു ഔൺസ് വരെ.

കുപ്പി ഒന്നിന്നു വില ക 96 0 0

മഹാവജ്രകതൈലം.

ഭഗന്ദരവ്രണം, നാഡീവ്രണം ഇവയിൽ പുരട്ടുവാൻ നന്നു.

കുപ്പി ഒന്നിന്നു വില ക 4 0 0

രാസ്നാദിതൈലം.

ഇത്തു നീരിളക്കം, കഫോപദ്രവം ഇവയിൽ തലക്കു തേപ്പാൻ വിശേഷമാണ്. പീനസം കുരു ഇവകൾക്കും നന്ന്.

കുപ്പി ഒന്നിന്നു വില ക 3 0 0

ലാക്ഷാദിതൈലം (ചെറിയതു്.)

രക്തദൂഷ്യത്തിന്നും മെലിച്ചിലിന്നും തലയിലും, മേലും തേച്ചാൻ ശമനം വരുത്തും. കുട്ടികൾക്കും വിശേഷം.

കുപ്പി ഒന്നിന്നു വില ക 2 0 0

ടി. കുഴമ്പ് കുപ്പി 1-ന്ന ക 3 0 0

ലാക്ഷാദിതൈലം (വലിയതു്)

രക്തദൂഷ്യംകൊണ്ടുണ്ടാകുന്ന രോഗങ്ങളിലും, ശോഷത്തിങ്കലും തലയിലും മേലും തേപ്പാൻ വിശേഷം.

കുപ്പി ഒന്നിന്നു വില ക 3 0 0

ലാംഗലക്യാദിതൈലം.

അപചിവ്രണത്തിൽ പുരട്ടുകയും നസ്യംചെയ്യുകയും ആവാം. കുപ്പി ഒന്നിന്നു വില ക 2 0 0

ലിംഗവർദ്ധനതൈലം.

മേഢ്രം ചെറുതായവൎക്കു ഈ തൈലം പുരട്ടി നിയമേന ഒരേ മണിക്കൂർനേരം ഉഴിഞ്ഞാൽ വലുതാവുന്നതും, സ്ഥൂലപുഷ്ടി ഉണ്ടാവുന്നതും ആകുന്നു.

കുപ്പി ഒന്നിന്നു വില ക 4 0 0

വചാദിഎണ്ണ.

നീരിളക്കത്തിന്നും അപചിക്കും തലക്കുതേക്കുവാൻ വിശേഷം. കുപ്പി ഒന്നിന്നു വില ക 2 0 0

വചാലശുനാദി.

ഇതു കണ്ണുരോഗത്തിൽ സാമാന്യേന പഴുത്ത ചലം വരുന്നതിൽ വിശേഷവിധിയായും തലക്കുതേക്കുവാനും ചെവിട്ടിൽ ഇളിക്കുവാനും കൊള്ളാം.

കുപ്പി ഒന്നിന്നു വില ക 2 0 0

വജ്രകതൈലം.

ദുഷ്ടവ്രണം നാഡീവ്രണം ഇവയിൽ പുരട്ടുവാൻ നന്നു്.

കുപ്പി ഒന്നിന്നു വില ക 2 0 0

വാതമർദ്ദനം കുഴമ്പു്.

മേൽ കടച്ചിലിന്നും വാതസംബന്ധമായ മററുപദ്രവങ്ങൾക്കും പുരട്ടുവാനും മേൽ തേച്ചുകുളിപ്പാനും നല്ലതു്.

കുപ്പി ഒന്നിന്നു വില ക 2 0 0

വില്വപത്രാദിതൈലം.

താരൻ, നീരിളക്കം, കുരു, ചിരങ്ങു് ഇവകളെ തലക്കു തേക്കുവാൻ പ്രധാനം. ഒരു മണിക്കൂർ തേച്ചിരിക്കണം.

കുപ്പി ഒന്നിന്നു വില ക 2 8 0

വില്വംപാച്ചോറ്റ്യാദിതൈലം.

തലക്കു തണുപ്പു് സുഖം ഇവയെ ഉണ്ടാക്കിത്തീർക്കുന്നതും നീപ്പിടുത്തമുള്ളതുമായ എണ്ണയാകുന്നു.

വില കുപ്പി 1-ന്ന ക 2 8 0

ശുദ്ധബലാതൈലം.

വാതത്തിന്നും രക്തവാതത്തിന്നും പാനത്തിന്നും നസ്യാഭ്യംഗാദികൾക്കും ഹിതം. മാത്ര ഉപയോഗം മുതലായതു ക്ഷീരബലാതൈലത്തോടു തുല്യമാണ്.

കുപ്പി ഒന്നിന്നു വില	ക	2	8	0
3-ആവർത്തിച്ചതിന്നു് ,,	ക	4	8	0
7-ആവർത്തിച്ചതിന്നു് ,,	ക	8	0	0

സന്നിഎണ്ണ.

സന്നിക്കു സന്ധികളിൽ പുരട്ടുവാനും നസ്യാദികൾക്കും വിശേഷം. മാത്ര നാലുമുതൽ എട്ടുതുള്ളിവരെ.

കുപ്പി ഒന്നിന്നു വില ക 6 0 0

സഹചരാദി (ചെറിയതു്)

അധഃകായത്തിന്നുള്ള വാതത്തിന്നു പാനാഭ്യംഗാദികൾക്കു നല്ലതു്. ഏഴുവരെ ആവൎത്തിച്ചതു തെയ്യാറുണ്ടു്.

മാത്ര വില മുതലായതു ക്ഷീരബലപോലെ.

സഹചരാദി (വലിയതു്)

അധഃകായത്തിന്നുള്ള ഏതു വാതത്തിന്നും പാനാഭ്യംഗാദികൾക്കും വിശേഷം. കുപ്പി ഒന്നിന്നു വില ക 3 0 0

3-ആവൎത്തിച്ചതിന്നു ,, 5 0 0

7-ആവൎത്തിച്ചതിന്നു ,, 9 0 0

മാത്ര ക്ഷീരബലപോലെ.

സിദ്ധാൎത്ഥാദിതൈലം.

പാമ, വിസൎപ്പം, ചിലന്തി ഇവകൾക്കു പുരട്ടുവാനും സേവിപ്പാനും നന്നു്. കുട്ടികൾക്കു മാത്ര കുറയ്ക്കണം.

മാത്ര ഒരു ഡ്രാംമുതൽ ഒരു ഔൺസുവരെ.

കുപ്പി ഒന്നിന്നു വില ക 3 0 0

സൌഭാഗ്യവൎദ്ധനതൈലം.

സംഭോഗസമയത്തു് ഈ തൈലം യോനിയിൽ തടവിയാൽ ഭൎത്താവിന്നു് അധികം പ്രീതിയുണ്ടാകുന്നതും, അതു നിമിത്തം സ്ത്രീകൾക്കു സൌഭാഗ്യം വൎദ്ധിപ്പാനിടവരുന്നതും ആകുന്നു.

കുപ്പി ഒന്നിന്നു വില ക 4 0 0

ഹിംഗുത്രിഗുണതൈലം.

വൃദ്ധി, ഗുന്മൻ, ഇവകളിൽ സേവിപ്പാൻ നല്ലതു്. മാത്ര ഒരു ഡ്രാംമുതൽ ഒരു ഔൺസുവരെ കാലത്തൊ അത്താഴം കഴിഞ്ഞൊ സേവിക്കണം. കുപ്പി ഒന്നിന്നു വില ക 3 0 0

കഷായങ്ങൾ

ഇവ 8-ഔൺസ് കുപ്പിയിൽ പതിനാറിരട്ടി
കഷായമായി സൂക്ഷിക്കപ്പെട്ടിരിക്കും.

അഗ്രഗ്രാഹ്യാദി ഇരട്ടികഷായം.

കാസശ്വാസം, ക്ഷയം, സന്നി ഇവകൾക്കു വിശേഷം മാത്ര രണ്ടുമുതൽ നാലുഡ്രാംവരെ നാലിരട്ടി തിളപ്പിച്ച ചൂടുവെള്ളം ചേൎത്തു രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. മേല്പടി കസ്തൂരി പുഴ, അല്ലെങ്കിൽ ആവൎത്തിച്ച ക്ഷീരബല. പഥ്യം പുളി, കുരുമുളക് ഇവ കുറക്കണം. പച്ചവെള്ളത്തിൽ കുളിക്കയും പച്ചവെള്ളം കുടിക്കയും അരുതു്. മൈഥുനവും ദേഹാദ്ധ്വാനവും പാടില്ല. തിളപ്പിച്ച് പാലുപകരം കാപ്പി കുടിക്കാം. ചായ പാടില്ല. ആട്ടിൻസൂപ്പും ദഹനാപോലെ കഴിക്കാം

കുപ്പിക്കു വില ക 4 0 0

അമൃതാദശമൂലാദികഷായം.

ക്ഷയം, കര, അഗ്നിമാന്ദ്യം ഇവകളിൽ പഥ്യം. മാത്ര മുതലായവ അഗ്രഗ്രാഹ്യാദിപോലെ ഭക്ഷണത്തിന്നു മുമ്പു സേവിക്കണം.

കുപ്പി ഒന്നിന്നു വില ക 2 8 0

അമൃതോത്തരംകഷായം.

സുഖശോധനക്കും ജ്വരശമനത്തിന്നും നല്ലതു്.

മാത്ര മൂന്നുമുതൽ ആറു ഡ്രാംവരെ നാലിരട്ടി തിളപ്പിച്ചവെള്ളം ചേൎത്തു വെറുംവയററിൽ സേവിക്കണം. മേല്പടി പഞ്ചസാര.

കുപ്പി ഒന്നിന്നു വില ക 2 0 0

അൎദ്ധവില്വംകഷായം.

ശോഫത്തിന്നും ശോധനക്കുറവിന്നും ഹിതം.

മാത്ര മുതലായതു പുനൎന്നവാദിപോലെ

കുപ്പി ഒന്നിന്നുവില ക 2 0 0

അഷ്ടവർഗ്ഗം കഷായം

വാതത്തിൽ നല്ലതു്.

മാത്ര മുതലായതു രാസ്നാദിപോലെ

കുപ്പി ഒന്നിന്നു വില ക 2 0 0

ആമ്രപല്ലവാദി കഷായം.

എല്ലാതരം അരുചിയിലും വിശേഷം.

മാത്ര രണ്ടുമുതൽ നാലുഡ്രാംവരെ നാഴിരട്ടി തിളപ്പിച്ചാറിയ വെള്ളം ചേർത്തു ഭക്ഷണത്തിന്നുമുമ്പു സേവിക്കണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ആരഗ്വധാദി കഷായം.

കഫാധികരോഗങ്ങൾ ദുഷ്ടവ്രണങ്ങൾ ഇവകൾക്കു പ്രശസ്തം. മാത്ര മുതലായതു തിക്തകഷായംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

ആരണ്യതുളസീമൂലാദി കഷായം.

ശീതജ്വരത്തിൽ വിധിച്ചതു്.

മാത്ര മുതലായതു പഞ്ചതിക്തകഷായംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

ഇന്ദുകാന്തം കഷായം.

വാതം, ക്ഷയം, അഗ്നിമാന്ദ്യം, ജീർണ്ണജ്വരം ഇതുകളിൽ നല്ലതു്. മാത്ര രണ്ടുമുതൽ നാലുഡ്രാംവരെ നാഴിരട്ടി തിളപ്പിച്ച വെള്ളം ചേർത്തു ഭക്ഷണത്തിന്നു മുമ്പു സേവിക്കണം. മേൽപ്പടി ഇരുപ്പു്. പഥ്യം ഉഷ്ണമുള്ള ഭക്ഷണസാധനങ്ങൾ കഴിയുന്നതും വർജ്ജിക്കണം. കുപ്പി ഒന്നിന്നു വില ക 2 0 0

കടുകാമലകാദി കഷായം.

നിത്യം മലശോധന ഉണ്ടാവാൻ നന്നു്. മാത്ര മുതലായതു ഗന്ധർവ്വഹസ്താദിപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

കതകഖദിരാദികഷായം.

എല്ലാതരം പ്രമേഹത്തിലും വിശേഷമാണ്.

മാത്ര രണ്ടുമുതൽ നാലുഡ്രാംവരെ നാലിരട്ടി തിളപ്പിച്ചാറിയ വെള്ളംചേൎത്തു ഭക്ഷണത്തിന്നു മുമ്പു രണ്ടുനേരവും സേവിക്കണം. മേപ്പടി മേഹസംഹാരി, ബൃഹന്മേഹാന്തകം അല്ലെങ്കിൽ പഴയ തേൻ. പഥ്യം പഞ്ചസാര മുതലായ മധുരസാധനങ്ങൾ വൎജ്ജിക്കണം. പുന്നെല്ലരി തീരെ വിരോധമാണ്. ഭക്ഷണത്തിന്നു യവമൊ ഗോതമ്പൊ അധികം നന്നായിരിക്കും. എരിമപ്പാൽ അധികം ദോഷമില്ല.

കുപ്പി ഒന്നിന്നു വില ക 2 8 0

കരിമ്പിരുമ്പാദി (ചെറിയത്)

പിത്തം, പാണ്ഡു, കാമില, ശോഫം ഇവകൾക്കു വിശേഷം. രക്തക്ഷയം ഹൃദയരോഗം ഇവയിലും നന്ന്.

മാത്ര രണ്ടുമുതൽ നാലുഡ്രാംവരെ നാലിരട്ടി തിളപ്പിച്ച വെള്ളംചേൎത്തു ഭക്ഷണത്തിന്നുമുമ്പു സേവിക്കണം. മേപ്പടി ലോഹഭസ്മം പഥ്യം കപ്പൽമുളക പുത്തൻപുളി, ഉള്ളി, കായം, മുതിര, വഴുതിനങ്ങ മുതലായ പിത്തകരങ്ങളായ ഭക്ഷണസാധനങ്ങളെ വൎജ്ജിക്കണം. മാംസം തൈർ, ഇലക്കറി, ഫലഹാരങ്ങൾ മത്സ്യം ഇവയും ഉപേക്ഷിക്കേണ്ടതാണ്.

കുപ്പി ഒന്നിന്നു വില ക 3 0 0

കരിമ്പിരുമ്പാദി (വലിയത്)

പിത്തം, പാണ്ഡു, കാമില, ശോഫം ഇവകൾക്ക് ഏററവും വിശേഷം. മാത്ര മുതലായതു ചെറിയ കരിമ്പിരുമ്പാദിയെപ്പോലെ.

കുപ്പി ഒന്നിന്നു വില ക 4 0 0

കാളശാകാദികഷായം.

ശോധനക്കും രുചിക്കും നന്ന്.

മാത്ര മുതലായത് അമൃതോത്തരംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

കിരാതാദി കഷായം.

ആമജ്വരത്തിൽ പ്രധാനമാണ്.

മാത്ര വില മുതലായതു ഷഡംഗംപോലെ.

കുലത്ഥാദി കഷായം.

സ്ത്രീകൾക്ക് ഋതുകാലങ്ങളിൽ രക്തം പോകാത്തതിന്നും ഇതന്നും വിശേഷം. മാത്ര രണ്ടുമുതൽ നാലുദ്രാംവരെ നാലിരട്ടി തിളപ്പിച്ച വെള്ളംചേൎത്തു രണ്ടുനേരവും ഭക്ഷണത്തിന്നു മുമ്പെ സേവിക്കണം. മേല്പടി കാന്തഭസ്മം പഥ്യം മുളക്, പുളി, ഉള്ളി. മുതിര, കായം ഇവയെല്ലാം വിരോധമില്ല. കാപ്പി കഴിക്കാം. തണുത്ത സാധനങ്ങൾ വൎജ്ജിക്കണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ഗന്ധൎവ്വഹസ്താദി കഷായം.

ശോധനക്കും ദീപനത്തിന്നും ഉത്തമം.

മാത്ര രണ്ടുമുതൽ നാലുദ്രാംവരെ നാലിരട്ടി തിളപ്പിച്ച വെള്ളം ചേൎത്തു വെറുംവയറ്റിൽ സേവിക്കണം. മേല്പടി ഇന്തുപ്പ്, ശൎക്കര. ശോധന കുറഞ്ഞവൎക്ക മാത്ര ഇരട്ടിക്കാവുന്നതാണ്. വിശേഷാൽ പഥ്യം ആവശ്യമില്ല. തണുത്തതും ഉഷ്ണമുള്ളതും ആയ ഭക്ഷണസാധനങ്ങൾ കഴിക്കരുത്.

കുപ്പി ഒന്നിന്നു വില ക 2 0 0

ഗുൽഗുലുതിക്തം കഷായം.

രക്തവാതത്തിന്നും കുഷ്ഠത്തിന്നും ഏതു ദുഷ്ടവ്രണത്തിന്നും അതിവിശേഷം.

മാത്ര രണ്ടുമുതൽ നാലുദ്രാംവരെ. നാലിരട്ടി തിളപ്പിച്ചാറിയ വെള്ളം ചേൎത്തു കാലത്തു വെറുംവയറ്റിൽ സേവിക്കണം. മേല്പടി സ്വൎണ്ണസിന്ദൂരം, രസസിന്ദൂരം, ശുദ്ധഗന്ധകം ഇവയിലേതെങ്കിലുമൊ, തേനോ ആവാം.

പഥ്യം കപ്പൽമുളക് മാപ്പുളി ഇവ തീരെ വൎജ്ജ്യം. പച്ചവെള്ളത്തിൽ കുളി പച്ചവെള്ളം കുടിക്ക, പകലുറക്കം, മൈഥു

നം, രാത്രി ഉറക്കൊഴിക്ക ഇവയൊന്നും പാടില്ല. ഇന്തുപ്പ്, കായചേന, കയ്പക്ക, കയ്പൻപടോലങ്ങ, നെയ്യ്, ചെറുപയറ്, ചുട്ടപപ്പടം, കാച്ചിയ മോർ, കുരുമുളക്, ഇഞ്ചി, ചെറുനാരങ്ങ, കല്ലൻനാരങ്ങ, ഇവകൾ വിരോധമില്ല. തിളപ്പിച്ച പാൽ, മിതമായി ഉപയോഗിക്കാം. കാററ, വെയിൽ, മഴ, മഞ്ഞ, പുക ഇവയൊന്നും കൊള്ളരുത്. രുചിക്കുമെങ്കിൽ കഷായം രണ്ടുനേരവും സേവിക്കാം. കുപ്പി ഒന്നിന്നു വില ക 4 0 0

ഗോപാംഗനാദി കഷായം.

പിത്തജ്വരം പിത്താധികരോഗങ്ങൾ ഇവയിൽ പത്ഥ്യം. മാത്ര മുതലായത് ദ്രാക്ഷാദികഷായംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

ചന്ദനപപ്പടകാദി കഷായം.

വിസപ്പം മസൂരി ഇവയുടെ ആരംഭത്തിൽ കഴിക്കേണ്ടത്. മാത്ര വില മുതലായതു ഷഡംഗംപോലെ.

ചന്ദനോശീരാദി കഷായം.

രക്തപിത്തത്തിന്നു ഹിതം.

മാത്ര മുതലായത് ശതാവര്യാദികഷായംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

ചന്ദ്രശൂരാദി കഷായം.

കൃമികൾക്കും തന്മൂലരോഗങ്ങൾക്കും കൈകണ്ടത്.

മാത്ര രണ്ടുമുതൽ നാലുദ്രാംവരെ നാലിരട്ടി തിളപ്പിച്ച വെള്ളംചേർത്തു കാലത്തു സേവിക്കണം. മേപ്പൊടി ഇന്തുപ്പും കൃമിശോധനഗുളികയും ആവാം. പത്ഥ്യം—ഇലക്കറികൾ പാൽ മാംസം ശർക്കര ഇവ പ്രത്യേകം വർജ്ജിക്കണം.

കുപ്പി ഒന്നിന്നു വില ക 2 0 0

ചിരിവില്വാദി കഷായം.

ശോധനക്കുറവിന്നും അഗ്നിമാന്ദ്യം മൂലക്കുരു ഇവകൾക്കും പത്ഥ്യം. മാത്ര വില മുതലായതു ഗന്ധർവ്വഹസ്താദിപോലെ.

ഛിന്നോത്ഭവാദികഷായം.

സന്നിപാതജ്വരത്തിൽ വിധിക്കപ്പെട്ടത്.

മാത്ര വില മുതലായതു ദാരുനാഗരാദിപോലെ.

ജീരകാദികഷായം

ഉള്ളപ്പനിക്കും മലംപനിക്കും നല്ലത്.

മാത്ര മുതലായതു പഞ്ചതിക്തകഷായംപോലെ.

കുപ്പി ഒന്നിന്നു വില ക 2 0 0

ജീവന്ത്യാദികഷായം.

ഏതുതരം കുരുവിന്നും മസൂരിക്കും പത്ഥ്യം.

